# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 88 08.03.2012 ൽ മറുപടിയ്ക്ക്

## പ്രധാനപ്പെട്ട ജലാശയങ്ങളെ മാലിന്യമുക്തമാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.പാലോട് രവി<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട ജലാശയങ്ങളെ മാലിന്യമുക്തമാക്കാൻ കേന്ദ്ര സഹായത്തോടെ പ്രത്യേക പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) കരമനയാർ , കല്ലടയാർ, അച്ചൻ കോവിൽ ആറ്, പമ്പ, മുവാറ്റുപുഴ, പെരിയാർ, ചാലക്കുടിയാർ, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം എന്നീ 10 പ്രധാന നദികൾ മാലിന്യമുക്തമാക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് 2567 കോടി രൂപയുടെ കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, 320 കോടി രൂപ ചെലവായുള്ള പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആദ്യഘട്ടം നടപ്പാക്കാനായി 18.45 കോടി രൂപ ലഭ്യമാകുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി നോഡൽ ഏജൻസിയായി ഈ പദ്ധതി നടപ്പാക്കി വരുന്നു.<br>അഷ്ടമുടി, ശാസ്താംകോട്ട, കോട്ടൂളി എന്നീ കേരളത്തിലെ മൂന്ന് തണ്ണീർത്തടങ്ങളുടെ സമഗ്ര പരിപാലന പദ്ധതിക്ക് വേണ്ടി കേന്ദ്രസഹായം ലഭിക്കുകയും അതിന്റെ ആദ്യഘട്ടം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. അടുത്തഘട്ട ത്തിനായുള്ള ധനസഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിൽ 2011-2012 സാമ്പത്തിക വർഷത്തിലേക്കായി അഷ്ടമുടി ക്കായലിന്റെ പരിപാലനത്തിനായി 22.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഏത് ഏജൻസിയുടെ സഹായത്തോടെയാണ് പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിക്കാനുദ്ദേശിക്കുന്നത്; | ബി) | കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള തണ്ണീർത്തട സാങ്കേതിക യൂണിറ്റ് കോഴിക്കോട്ടുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രം, കേരള ജല അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ്, മണ്ണ് സംരക്ഷണ വകുപ്പ്, വനം വകുപ്പ് മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |
| സി) | ഇത് സംബന്ധിച്ച സാദ്ധ്യതാ പഠനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) | വേമ്പനാട് തണ്ണീർത്തടത്തിന്റെ സമഗ്ര പരിപാലന പദ്ധതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര നിർദ്ദേശപ്രകാരം പദ്ധതിയുടെ പൂർണ്ണരൂപം ഉണ്ടാക്കി സമർപ്പിക്കുന്നതിന് ഭൗമശാസ്ത്ര പഠനകേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ശാസ്താംകോട്ട തടാകത്തിന്റെ മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി, വെള്ളായണി തടാക സംരക്ഷണത്തിനുള്ള പദ്ധതി എന്നിവ കോഴിക്കോട്ടുള്ള ജലവിഭവ വികസന കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. ആയത് കേന്ദ്രത്തിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ